## വഴിവെളിച്ചം

# വിശ്വസ്തത ഇല്ലാതാവുന്ന കാലം

عَن حُذَيْفَةَ رَضِيَ اللَّه عَنْه قَالَ : حَدَّثَنَا رَسُولُ اللَّه صَلّى اللَّه عَلَيْه وَسَلّم : "أَنَّ الأَمَانَةَ نَزَلَتْ فِي جَذْرِ قُلُوبِ الرِّجَالِ، ثُمَّ نَزَلَ الْقُرآنُ، فَعَلِمُوا مِنَ الْقُرآنِ وَعَلِمُوا مِنَ السُّنَّةِ." ثُمَّ حَدَّثَنَا عَنْ رَفْعِ الأَمَانَة، فَقَالَ : "يَنَامُ الرَّجُلُ النَّوْمَةَ، فَتُقْبَضُ الأَمَانَةُ مِنْ قَلْبِه، فَيَظَلُّ أَثَرُهَا مِثْلَ الْوَكْتِ، ثُمّ يَنَامُ النَّوْمَةَ، فَتُقْبَضُ الأَمَانَةُ مِنْ قَلْبِهِ، فَيَظَلُّ أَثَرُهَا مِثْلَ الْمَجْلِ، كَجَمْرٍ دَحْرَجْتَهُ عَلَى رِجْلِكَ فَنَفِطَ فَتَرَاه مُنْتَبِرًا وَلَيْسَ فِيهِ شَيْءٌ، فَيُصْبِحُ النَّاسُ يَتَبَايَعُونَ. لاَ يَكَادُ أَحَدٌ يُؤَدّي الأَمَانَةَ حَتّى يُقَالَ : إِنَّ فِي بَنِي فُلاَنٍ رَجُلاً أَمِينًا، حَتّى يُقَالَ لِلرَّجُلِ : مَا أَجْلَدَهُ! مَا أَظْرَفَهُ! مَا أَعْقَلَهُ! وَمَا فِي قَلْبِهِ مِثْقَالُ حَبَّةٍ مِنْ خَرْدَلٍ مِنْ إِيمَانٍ." (متّفق عليه)

**ഹുദൈഫ(റ)യിൽനിന്ന്: നബി(സ) ഞങ്ങളോട് പറഞ്ഞു: "വിശ്വസ്തത(അമാനത്ത്) മനുഷ്യഹൃദയങ്ങളുടെ അടിവേരിൽ സ്ഥാനം പിടിച്ചതാണ്. പിന്നീട് ഖുർആൻ അവതീർണമായപ്പോൾ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും ജനങ്ങൾ അത് പഠിച്ചു." തുടർന്ന് വിശ്വസ്തത ഇല്ലാതാകുന്നതിനെക്കുറിച്ചാണ് നബി(സ) ഞങ്ങളോട് സംസാരിച്ചത്. അദ്ദേഹം പറഞ്ഞു: "ഒരു വ്യക്തി ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ അവന്റെ ഹൃദയത്തിൽനിന്ന് വിശ്വസ്തത നീക്കം ചെയ്യപ്പെടും. തീപൊള്ളിയ നേരിയ പാടുപോലുള്ള അടയാളം മാത്രമായിരിക്കും പിന്നീട് അവിടെയുണ്ടാവുക. അവൻ വീണ്ടും ഉറങ്ങുമ്പോൾ ബാക്കിയുള്ള അമാനത്തും പിടിച്ചുവെക്കപ്പെടും. പിന്നീട് കാലിലേക്ക് ഉരുണ്ടുവീണ തീക്കനൽ കാരണം തീപൊള്ളിവീർത്ത പൊള്ള പോലുള്ള ഒന്നായിരിക്കും അവശേഷിക്കുക. അത് നിറഞ്ഞുനിൽക്കുന്നതായി തോന്നും. അതിനകത്ത് ഒന്നുമുണ്ടാകില്ല. ആളുകൾ പരസ്പരം ക്രയവിക്രയങ്ങൾ നടത്തിക്കൊണ്ടിരിക്കും. ഒരാളും വിശ്വസ്തത കാണിക്കുകയില്ല. അങ്ങനെയൊരവസരത്തിൽ ജനങ്ങൾ ആശ്ചര്യത്തോടെ പറയും: "ഇന്ന കുടുംബത്തിൽ വിശ്വസ്തനായ ഒരാളുണ്ട്. അയാൾ എന്തൊരു ധീരൻ, വിവേകശാലി, ബുദ്ധിമാൻ." എന്നാൽ അയാളുടെ ഹൃദയത്തിൽ ഒരു കടുകുമണിത്തൂക്കം പോലും ഈമാൻ ഉണ്ടായിരിക്കുകയില്ല.***

**അമാനത്ത്** എന്ന വാക്കിന് വിശാലമായ അർഥ തലങ്ങളുണ്ട്. വിശ്വസ്തത, സത്യസന്ധത എന്നെല്ലാമാണ് അമാനത്തിന്റെ ഭാഷാർഥം. ഒരാൾ മറ്റൊരാളെ വിശ്വസിച്ചേൽപിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങൾക്കും അമാനത്ത് എന്നു പറയും. അമാനത്തുകൾ നീതിപൂർവം കൈയാളണമെന്നും വിശ്വാസവഞ്ചന പാടില്ലെന്നും വിശുദ്ധ ഖുർആൻ ഉണർത്തിയിട്ടുണ്ട് (8:27).

വിശ്വാസി വിശ്വസ്തനായിരിക്കുക എന്നത് ഈമാനിന്റെ അനിവാര്യ താൽപര്യങ്ങളിലൊന്നാണ്. ഈമാനും (വിശ്വാസം) അമാനത്തും (വിശ്വസ്തത) ഒരേ പദത്തിൽനിന്നാണ് നിഷ്പന്നമായിട്ടുള്ളത്. സത്യം അംഗീകരിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്ന ഒരാൾക്ക് എങ്ങനെ കപടനും വഞ്ചകനുമാകാൻ കഴിയും? കള്ളവും ചതിയും വിശ്വാസവഞ്ചനയുമെല്ലാം സത്യവിശ്വാസത്തിന്റെ നേർ വിപരീതമാണെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അനസ്(റ) പറയുന്നു: "റസൂൽ തിരുമേനി ഞങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്ന ഏതു പ്രഭാഷണത്തിലും ഇപ്രകാരം ഓർമിപ്പിക്കാറുണ്ടായിരുന്നു: അറിയുക! വിശ്വസ്തതയില്ലാത്തവന് ഈമാനില്ല; കരാർ പാലിക്കാത്തവന് ദീനുമില്ല" (അഹ്മദ്, ബൈഹഖി).

അമാനത്തിനെക്കുറിച്ച് സുപ്രധാനമായ ഒരു കാര്യം പഠിപ്പിക്കുകയാണ് ആദ്യം കൊടുത്ത ഹദീസ്. അമാനത്ത് മനുഷ്യഹൃദയങ്ങളിൽ ആദ്യമേ നിക്ഷേപിക്കപ്പെട്ട ഒന്നാണ്. ഖുർആനിൽനിന്നും നബിചര്യയിൽനിന്നും ജനങ്ങൾ അതിന്റെ യാഥാർഥ്യവും വിശദാംശങ്ങളും മനസ്സിലാക്കിയെടുക്കുകയായിരുന്നു. വിശ്വസ്തത അടക്കമുള്ള സദാചാര ധാർമിക ഗുണങ്ങളൊന്നും മനുഷ്യപ്രകൃതിക്ക് അജ്ഞാതമോ അപരിചിതമോ അല്ല. അവ മനുഷ്യനേറെ പരിചയമുള്ളതും അവന്റെ സൃഷ്ടിപ്പിൽ തന്നെ സന്നിവേശിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഉദാത്ത മൂല്യങ്ങളാണ്. ജനങ്ങൾക്ക്

അജ്ഞാതമായ പുതിയ കാര്യങ്ങൾ പഠിപ്പിക്കാനല്ല പ്രവാചകന്മാർ വന്നിട്ടുള്ളത്. നന്മയോടും വിശുദ്ധിയോടുമുള്ള മനുഷ്യന്റെ നൈസർഗികവും പ്രകൃതിപരവുമായ ആഭിമുഖ്യത്തെ പ്രചോദിപ്പിക്കുകയെന്നതത്രെ അവരുടെ ദൗത്യം. നന്മയെ കുറിക്കാൻ *മഅ്റൂഫ്*(പരിചിതമായത്) എന്നും തിന്മയെ കുറിക്കാൻ *മുൻകർ* (അപരിചിതമായത്) എന്നും ഖുർആൻ പ്രയോഗിക്കുന്നത് ഇതു കൊണ്ടാണ്.

ഹദീസിന്റെ രണ്ടാം പകുതിയിൽ 'വിശ്വസ്തത' നഷ്ടപ്പെട്ടു പോവുന്നതിനെ കുറിച്ചാണ് പറയുന്നത്. ഒരു സ്വഭാവഗുണം ഒരാളിൽനിന്ന് ഒറ്റയടിക്ക് ഇല്ലാതായിപ്പോവുന്നതല്ല. കാലക്രമത്തിലാണത് സംഭവിക്കുന്നത്. നിസ്സാരമെന്ന് നാം കരുതുന്ന ചെറിയ തെറ്റുകൾ കൂടുതൽ ഗുരുതരമായ കുറ്റങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദത്തിനടിപ്പെട്ട് ഒരു തെറ്റ് ചെയ്യുമ്പോൾ, തെറ്റിനോട് അതുവരെ വെച്ചുപുലർത്തിയിരുന്ന സമീപനത്തിലും അത് മാറ്റമുണ്ടാക്കുന്നുണ്ട്. തെറ്റ് ചെയ്യുമ്പോൾ തുടക്കത്തിലുണ്ടാവുന്ന അസ്വാസ്ഥ്യം അത് ശീലമാക്കുന്നതിലൂടെ ഇല്ലാതായി പോകുന്നു. പിന്നീട് എത്ര ഗുരുതരമായ തെറ്റുകളെയും അയാൾ നിസ്സാരമായേ കാണൂ. കുറ്റകൃത്യങ്ങൾ സംഭവിക്കാതിരിക്കാൻ തുടക്കത്തിൽതന്നെ സൂക്ഷിക്കണമെന്ന് പറയുന്നത് അതുകൊണ്ടാണ്. അമാനത്തും ഇങ്ങനെയാണ്. അത് പാലിക്കാൻ ജാഗ്രത കൈക്കൊള്ളുന്നില്ലെങ്കിൽ വളരെ വേഗം കൈമോശം വന്നുപോവും. ഒന്ന് 'ഉറങ്ങിയെഴുന്നേൽക്കുക' മാത്രമേ അതിന് വേണ്ടൂ. അപ്പോഴേക്കും ഒരാൾ കപടനും വിശ്വാസ വഞ്ചകനുമായി മാറിയിട്ടുണ്ടാവും! ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഇപ്രകാരമാണ്: നബി(സ) പറഞ്ഞു: "നിങ്ങളിൽ ഏറ്റവും നല്ലവർ എന്റെ കാലക്കാരാണ്. പിന്നീട് അവരെ ചേർന്നുവരുന്നവർ. പിന്നെ അവരെ തുടർന്ന് വരുന്നവരും. ശേഷം ഒരു വിഭാഗം ആളുകൾ വരും. അവർ സാക്ഷി പറയും. എന്നാൽ ആരും അവരോട് സാക്ഷ്യം ആവശ്യപ്പെടുകയില്ല. അവർ വഞ്ചന കാണിക്കും. വിശ്വസ്തത പുലർത്തുകയില്ല. പ്രതിജ്ഞകൾ ചെയ്യും; അവ പൂർത്തീകരിക്കില്ല. കാഴ്ചക്ക് അവർ യോഗ്യന്മാരുമായിരിക്കും."

വിശ്വസ്തത ഏറ്റവും കൂടുതൽ പ്രകടമാവേണ്ടത് സാമ്പത്തിക ഇടപാടുകളിലാണ്. അവയിൽ കൃത്രിമം കാണിക്കുന്നത് കൊടിയ അപരാധമാണ്. ഇബ്നു മസ്ഊദ്(റ) പറയുന്നു: "അറിയുക! എല്ലാം അമാനത്താണ്. നമസ്കാരം അമാനത്താണ്. വുദൂ അമാനത്താണ്. അളവും തൂക്കവും അമാനത്താണ്. ഏറ്റവും ഗുരുതരമായ അമാനത്ത് വിശ്വസിച്ചേൽപിക്കപ്പെട്ട മുതലുകളത്രെ!" (ബൈഹഖി, അഹ്മദ്).

നബി(സ) പറഞ്ഞു: "എല്ലാ വഞ്ചകന്മാർക്കും അന്ത്യനാളിൽ തങ്ങളുടെ പിൻഭാഗത്ത് ഒരു പതാക നാട്ടപ്പെടുന്നതായിരിക്കും. വഞ്ചനയുടെ തോതനുസരിച്ചായിരിക്കും ആ പതാക ഉയർത്തപ്പെടുന്നത്. അറിയുക! നേതാവിന്റെ വഞ്ചനയേക്കാൾ കടുത്ത വിശ്വാസവഞ്ചന വേറെയില്ല" (മുസ്‌ലിം). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിച്ച ഹദീസ്. വാക്യങ്ങൾ സ്വഹീഹു മുസ്‌ലിമിലേത്.